ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ അഹമ്മദ്) : സർ, ആർട്ടിസാൻസ് വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ട് 50 ലക്ഷം രൂപ അംഗീകൃതമൂലധനത്തോടുകൂടിയാണ് കോർപ്പറേഷൻ രൂപീകരിച്ചത്. ഓഹരി വിഹിതമായി 15.64 ലക്ഷം രൂപയും വായ്പയായി 1.5 ലക്ഷം രൂപയും ഉൾപ്പെടെ 17.14 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. 10-12-1985-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി പ്രതിനിധികളുമായി ഇതിന്റെ മറ്റ് പരിപാടികളെ സംബന്ധിച്ചും ഇതിനെ ഊർജ്ജസ്വലമാക്കുന്നതിനെപ്പറ്റിയും ചർച്ചകൾ നടന്നു. അതനുസരിച്ച് കുറച്ചുകൂടി പണം ആർട്ടിസാൻസ് കോർപ്പറേഷനുവേണ്ടി നീക്കി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തികവർഷം, ഏപ്രിലിൽതന്നെ 5 ലക്ഷം രൂപകൂടി കോർപ്പറേഷന് നൽകുന്നതാണ്. മറ്റ് പരമ്പരാഗതവ്യവസായ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ ഇവർക്കും നടപ്പിലാക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുവേണ്ടി തൊഴിൽവകുപ്പുമായി കൂടിയാലോചനകൾ നടത്തി വരുകയാണ്.

5. ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ചെല്ലാനം, കുമ്പളങ്ങി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പള്ളുരുത്തി ഉൾപ്പെടെയുള്ള മുഴുവൻ ഭാഗങ്ങളിലും കഴിഞ്ഞ രണ്ടുമൂന്നു മാസമായി ജലവിതരണം ആകെ മുടങ്ങിയിരിക്കുകയാണ്. കൊച്ചി രാജാവിന്റെ ഭരണകാലംമുതൽ ശുദ്ധജല വിതരണമുണ്ടായിരുന്ന മേഖലയാണ് ചെല്ലാനം. കഴിഞ്ഞവർഷം മുതൽ അവിടെ തീരെ ശുദ്ധജലം ലഭിക്കുന്നില്ല. ആളുകൾ വള്ളങ്ങളിലും മറ്റുമായി തെക്കോട്ട് ഘോഷയാത്രയായിപ്പോയി കണ്ണമാലി ഭാഗത്തുവരെ ചെന്നാൽ മാത്രമേ ഒരു കുടം വെള്ളം കിട്ടുകയുള്ളു. പൂർണ്ണമായും ഉപ്പുവെള്ളമുള്ള പ്രദേശമായതുകൊണ്ട് ലോക്കലായി ആ പ്രദേശത്ത് ഒരു തുള്ളി വെള്ളം പോലും ആർക്കും കിട്ടാനില്ലാത്ത സ്ഥിതിയാണുള്ളത്. അവിടെ വെള്ളത്തിന്റെ പ്രഷർ കുറഞ്ഞതുകൊണ്ടാണ് തെക്കോട്ട് വെള്ളം എത്താത്തത് എന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കണ്ടകടവിൽ ബൂസ്റ്റർ പമ്പുവച്ച് അവിടെ ശുദ്ധജലം എത്തിക്കാൻ കഴിയുമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 25 000 ഉറുപ്പിക മുടക്കി ബൂസ്റ്റർ പമ്പ് വാങ്ങിച്ചുകഴിഞ്ഞിട്ട് 6 മാസമായി. ഇതേവരെ അത് ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജലക്ഷാമം രൂക്ഷമായ ഈ പരിതഃസ്ഥിതിയിൽ ആ പ്രദേശത്ത് അത് ഇനിയും ഓപ്പറേറ്റ് ചെയ്യാതെ നീട്ടിക്കൊണ്ടുപോകുന്നതുകൊണ്ട് ജനങ്ങൾ കഷ്ടത അനുഭവിക്കുകയാണ്. അതുപോലെതന്നെ കുമ്പളങ്ങി പ്രദേശം പൂർണ്ണമായും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ്. അവിടെ ശുദ്ധജലവിതരണം ഇതേവരെ ആരംഭിച്ചിട്ടില്ല. എന്നാൽ രണ്ടുകൊല്ലമായി 25 ലക്ഷം ഉറുപ്പികമുടക്കി പൈപ്പ് പൂർണ്ണമായി ഇട്ടുകഴിഞ്ഞ കണ്ണമാലിയിലെ പൈപ്പുലൈനുമായി കണക്ട് ചെയ്തുകൊടുത്താൽ കുമ്പളങ്ങിയിലും വെള്ളം കൊടുക്കാൻ കഴിയും. ഈ ബൂസ്റ്റർ പമ്പ് വച്ച് ആദ്യം കുറെ മണിക്കൂർ ചെല്ലാനത്തും ബാക്കി കുറെ മണിക്കൂർ കുമ്പളങ്ങിയിലേക്കും വെള്ളം കൊടുക്കാൻ തീരുമാനിച്ചാൽ ഈ രണ്ടു സ്ഥലത്തും ശുദ്ധജലക്ഷാമം

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ കഴിയും. ജനങ്ങളാകെ പരിഭ്രാന്തരായി ഓടുകയാണ്. പത്രത്തിലൊക്കെ ചിത്രവും മറ്റും വന്നിട്ടുണ്ട്. അതുകൊണ്ട് ദയവുചെയ്ത് ഈ ബൂസ്റ്റർ പമ്പ് ഓപ്പറേറ്റ് ചെയ്തു ചെല്ലാനത്തും കുമ്പളങ്ങിയിലും ശുദ്ധജലവിതരണം ലഭ്യമാകാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ചെല്ലാനമുൾപ്പെടെയുള്ള പ്രദേശത്ത് ശുദ്ധജല വിതരണം ഇപ്പോൾ നടത്തുന്നത് കൊച്ചിൻ കോർപ്പറേഷനാണ്. പള്ളുരുത്തിയുൾപ്പെടെയുള്ള ഭാഗം കൊച്ചിൻ കോർപ്പറേഷന്റെ കീഴിലാണ്. ചെല്ലാനത്ത് പരിമിതമായ വാട്ടർസപ്ലൈ സ്കീമുണ്ട്. രണ്ടു സ്ഥലത്തും തീരെ വെള്ളം പോരായെന്ന പരാതിയുണ്ട്. ഇനിയും അത് എക്സ്റ്റൻഡ് ചെയ്താൽ ഉള്ള സ്ഥലത്തുതന്നെ വെള്ളം കിട്ടുകയില്ലായെന്നുള്ളതാണ് സ്ഥിതി. ചെല്ലാനം, പള്ളുരുത്തി, കുമ്പളങ്ങി തുടങ്ങിയ സ്ഥലങ്ങളുൾപ്പെടുത്തി 31 കോടി രൂപയുടെ ഒരു പദ്ധതി വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആ പദ്ധതിയുടെ പ്രവർത്തനം ഉടനെതന്നെ ആരംഭിക്കും. അതിനിടയിൽ ബൂസ്റ്റർ പമ്പ് ഓപ്പറേറ്റ് ചെയ്യുന്ന പ്രശ്നമുണ്ടെങ്കിൽ അതിനു ബന്ധപ്പെട്ട അധികൃതർക്ക് നിർദേശം കൊടുക്കാം.

6. ഇഞ്ചിക്കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വി. വി. ജോസഫ് : സർ, കേരളത്തിലെ പതിനായിരകണക്കിന് ഇഞ്ചിക്കൃഷിക്കാർ ചുക്കിന് ഉണ്ടായിരിക്കുന്ന ഭീമമായ വിലയിടിവിനെ തുടർന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞവർഷം ഒരു കിലോ ചുക്കിന് 40 രൂപ വിലയായിരുന്നു. ഇപ്പോൾ അത് 8 രൂപയായി കുറഞ്ഞിരിക്കുകയാണ്. പച്ച ഇഞ്ചി ചുരണ്ടാനുള്ള പണംപോലും എട്ടു രൂപകൊണ്ട് തികയുകയില്ല. മദ്ധ്യ തിരുവിതാംകൂറിലെ (കേരളത്തിലെ) ചെറുകിട കൃഷിക്കാരുടെ കൃഷിയെന്ന നിലയിൽ അവർ ചരക്ക് വിറ്റഴിക്കാൻ കഴിയാതെ പരിഭ്രാന്തരായി കഴിയുകയാണ്. ആസ്സാമിൽ നിന്നുള്ള മോശമായ ചുക്ക് ഇൻഡ്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിൽ കയറ്റി അയച്ചു. ആ ചുക്ക് മറ്റു രാജ്യങ്ങൾ തള്ളിക്കളഞ്ഞതുകൊണ്ടാണ് കേരളത്തിലെ ചുക്കിന് മാർക്കറ്റില്ലാതായിരിക്കുന്നത്. എന്തായാലും കടം വാങ്ങിയുമെല്ലാം ഇഞ്ചിക്കൃഷി ചെയ്തിട്ടുള്ള കേരളത്തിലെ സാധാരണക്കാർ പരിഭ്രാന്തരായിരിക്കുകയാണ്. അതുകൊണ്ട് ചുക്കിന് തറവില ഇരുപതു രൂപയെങ്കിലും നിശ്ചയിച്ച് മാർക്കറ്റിങ്ങ് ഫെഡറേഷൻ വാങ്ങിച്ച് ശേഖരിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇവർ സഹകരണസംഘങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള ലോണിന് കാലാവധി നീട്ടികൊടുക്കാനും നടപടിയെടുക്കണം. തറവില നിശ്ചയിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, ലോക വിപണിയിൽ ഇൻഡ്യൻ ചുക്കിന്റെ ആവശ്യം കുറഞ്ഞുപോയതുകൊണ്ടാണ് കഴിഞ്ഞ കാലങ്ങളിൽ ആഭ്യന്തര വിപണിയിൽ ചുക്കിന് വില കുറഞ്ഞുപോയത്. ലോക വിപണിയിൽ പ്രതിവർഷം 25,000 ടൺ ചുക്ക് ആവശ്യമുണ്ട്. 1984-85-ൽ ഇൻഡ്യയിൽനിന്ന് 7,300 ടൺ ചുക്ക് കയറ്റി അയച്ചു. അതിൽ ഏകദേശം നാലായിരം ടൺ കേരളത്തിന്റെ വിഹിതമായിരുന്നു. 1985-86

LIBRARY ARCHIVES Kerala Legislative Assembly